# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 24, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി**

**പ്രവാസികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

*451 **ശ്രീ എം മുകേഷ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലത്തെ പ്രവാസജീവിതത്തിനുശേഷം സംസ്ഥാനത്ത് തിരിച്ചെത്തുന്ന പ്രവാസികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(സി) വിദേശത്തുവച്ചുണ്ടാകുന്ന അപകടങ്ങളിൽ മാരകമായി പരിക്കേൽക്കുന്നവർക്കും ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രവാസി ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കാലാനുസൃതമായി നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം**

*452 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ**

**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് രണ്ടു മാസത്തിലേറെയായി വേതനം ലഭിക്കാത്ത സാഹചര്യം ഗൗരവമായി കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ജോലിക്കെത്തിയ തൊഴിലാളികളുടെ മസ്റ്ററിങ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്താൽ 15 ദിവസം കൊണ്ട് ലഭിക്കുമായിരുന്ന വേതനം ഇപ്പോൾ വൈകാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം കുടിശികയുൾപ്പെടെ നൽകി പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>തൃശ്ശൂർ പൂരം നടത്തിപ്പിന്റെ മുൻകരുതൽ നടപടികൾ</u>

*453 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഗസറ്റ് നോട്ടിഫിക്കേഷനിലെ നിബന്ധനകൾ നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് ബന്ധപ്പെട്ട ദേവസ്വം അധികൃതർ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നോട്ടിഫിക്കേഷന്റെ വിശദാംശം അറിയിക്കുമോ;

(സി) ഈ വിഷയം പരിഗണിച്ച് പോലീസുമായി സംയുക്ത പരിശോധന നടത്തി ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിന് അവലോകന യോഗത്തിൽ ജില്ലാ ഭരണകൂടത്തെ ചുമതലപ്പെടുത്തുകയുണ്ടായോ; വിശദമാക്കുമോ;

(ഡി) ദേശീയ-വിദേശ സഞ്ചാരികളെയും വിശ്വാസികളെയും ആകർഷിക്കുന്നതിനും പൂരം ആസ്വദിക്കുന്നതിനും ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നതിനും സുതാര്യവും സുരക്ഷിതവുമായ അന്തരീക്ഷമൊരുക്കുന്നതിന് ആവശ്യമായ മുൻകരുതൽ കൈക്കൊണ്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## <u>അളവുതൂക്കത്തിലെ കൃത്രിമം തടയാൻ നടപടി</u>

*454 **ശ്രീമതി സി. കെ. ആശ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃതാൽപ്പര്യം സംരക്ഷിക്കുന്നതിനും അളവ് തൂക്കത്തിലെ കൃത്രിമം തടയുന്നതിനും ലീഗൽ മെട്രോളജി വകുപ്പ് ഫലപ്രദമായി ഇടപെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷം ലീഗൽ മെട്രോളജി വകുപ്പ് സർക്കാരിലേക്ക് മുതൽക്കൂട്ടിയ റവന്യൂവിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഓട്ടോറിക്ഷാ മീറ്റർ, ത്രാസ്സുകൾ എന്നിവ പരിശോധിച്ച് സീൽ ചെയ്ത ശേഷവും അവയിൽ കൃത്രിമം കാണിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഇലക്ട്രിസിറ്റി മീറ്റർ, വാട്ടർ മീറ്റർ എന്നിവ അതതുസമയത്ത് വകുപ്പ് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താറുണ്ടോ; വിശദമാക്കാമോ?

**<u>ഡി-ഡാഡ് സെന്ററുകൾ</u>**

*455 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം പുതുതലമുറയിൽ സൃഷ്ടിച്ചിട്ടുള്ള പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുട്ടികളിലെ ഡിജിറ്റൽ ആസക്തി ഒഴിവാക്കുന്നതിനും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗം പഠിപ്പിക്കുന്നതിനും സംസ്ഥാനത്ത് പോലീസ് നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഡിജിറ്റൽ ഡി-അഡിക്ഷൻ (ഡി-ഡാഡ്) സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്; പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ഇ) എന്തെല്ലാം സൗകര്യങ്ങളാണ് ഡി-ഡാഡ് സെന്ററുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും അറിയിക്കാമോ?

**<u>പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ</u>**

*456 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളെയും ഇതിന്റെ ഭാഗമായുള്ള സന്നദ്ധപ്രവർത്തകരെയും ഏകോപിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുവാൻ നടപടി

*457 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാനുസൃതവും നവീനവുമായ വികസന ആവശ്യങ്ങൾ നിറവേറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തികമായി ശാക്തീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത്, വാർഡ് തലങ്ങളിൽ എംപ്ലോയ്മെന്റ് സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ ഇടപെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തിക വികസനത്തിന്റെ ഊർജ്ജസ്രോതസ്സായി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മികച്ച സഹകരണം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികമായുള്ള സംരംഭങ്ങൾ, തൊഴിലവസരങ്ങൾ, വരുമാന വർദ്ധനവ് എന്നിവ ലക്ഷ്യമിടുന്നുണ്ടോ; വിവിധ നടപടികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചതുവഴി ഗ്യാപ് ഫണ്ട് ആവശ്യമായി വന്നിരുന്ന പഞ്ചായത്തുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## തൃശ്ശൂർപൂരത്തിനുള്ള സുരക്ഷാ ആക്ഷൻ പ്ലാൻ

*458 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആചാരാനുഷ്ഠാനങ്ങൾക്ക് കോട്ടം തട്ടാതെയും സുരക്ഷാവീഴ്ചയുണ്ടാകാതെയും നിയമാനുസൃതമായി ഇത്തവണ തൃശ്ശൂർ പൂരം നടത്തുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ കൈകൊള്ളുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിൽ ആരെല്ലാമാണ് പങ്കെടുത്തതെന്ന് അറിയിക്കാമോ;

(സി) സുരക്ഷാ മുൻകരുതലുകൾ, വെടിക്കെട്ട്, ആന എഴുന്നെള്ളിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും കോടതി ഉത്തരവുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) തൃശ്ശൂർ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് സുരക്ഷാ ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം

*459 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എ. രാജ**
**ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വാല്യേഷൻ ഓഫ് അഗ്രികൾച്ചർ ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ട് എത്ര കൃഷിഭവനുകളിലെ ഡാറ്റാ ബാങ്കുകളുടെ വാല്യേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാനുള്ളത് എത്രയാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത കാലയളവിൽ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് എത്ര അപേക്ഷകൾ കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം തീർപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥാപനം വിദ്യാർത്ഥികൾക്കായി ഇന്റേൺഷിപ്പ് പ്രോഗ്രാം നടത്താറുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം ഏതെല്ലാം ജില്ലകളിലെ റോഡ്, ആസ്തികൾ, ജലവിഭവങ്ങൾ എന്നിവ സംബന്ധിച്ച അടിസ്ഥാന വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

*460 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മെഡിക്കൽ, നഴ്സിംഗ് കോഴ്സുകൾക്ക് വർദ്ധിപ്പിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ സർക്കാർ-സർക്കാർ അനുബന്ധ മെഡിക്കൽ കോളേജുകളും നഴ്സിംഗ് കോളേജുകളും എത്രയെണ്ണം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത കോളേജുകൾ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്നും അവിടെ ഹോസ്റ്റലുകളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും അറിയിക്കുമോ?

**<u>ആരോഗ്യസ്ഥാപനങ്ങളുടെ നവീകരണവും വികസനവും</u>**

*461 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ സ്തുത്യർഹമായ സേവനങ്ങൾ നടത്തിവരുന്ന ആരോഗ്യ സ്ഥാപനങ്ങളെ നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കുമോ;

(സി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നവീകരണത്തിനും പശ്ചാത്തല വികസനത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ആർ.സി.സി-യ്ക്ക് തുല്യമായി മലബാർ ക്യാൻസർ സെന്ററിനെയും ഉയർത്തിക്കൊണ്ടു വരുന്നതിന് അവിടത്തെ ലാബുകളെയും അനുബന്ധ സ്ഥാപനങ്ങളെയും ഉന്നത നിലവാരത്തിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രധാനപ്പെട്ട ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും ജില്ലാ-ജനറൽ ആശുപത്രികളുടെയും വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ?

**<u>സർക്കാർ മെഡിക്കൽ കോളേജുകളിൽ ശസ്ത്രക്രിയാ പിഴവുകൾ</u>**

*462 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളജുകളിൽ ശസ്ത്രക്രിയയിൽ പിഴവുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ ഹസീന എന്ന സ്ത്രീയുടെ ശരീരത്തിൽ കത്രിക കണ്ടെത്തിയ സംഭവവും ഗർഭാശയം നീക്കൽ ശസ്ത്രക്രിയയെ തുടർന്ന് കുടലിന് മുറിവേറ്റ് വിലാസിനി എന്ന സ്ത്രീ മരിച്ച സംഭവവും ഉൾപ്പെടെ ശസ്ത്രക്രിയകളിൽ ഉണ്ടായ വീഴ്ചകൾ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നൽകാനുദ്ദേശിക്കുന്ന മാർഗനിർദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## <u>സമഗ്ര മാനസികാരോഗ്യ പരിപാടി</u>

*463 **ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകജനസംഖ്യയിൽ 45 കോടിയോളം ജനങ്ങൾ മാനസികാരോഗ്യമില്ലായ്മ മൂലം കഷ്ടതയനുഭവിക്കുന്നതായുള്ള ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാനസികാരോഗ്യ പരിരക്ഷയ്ക്കും ശാരീരികാരോഗ്യ പരിരക്ഷയ്ക്കും തുല്യപ്രാധാന്യം നൽകുന്ന സമീപനം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രായഭേദമന്യേ മൊബൈലിനോടും മറ്റ് ഇലക്ട്രോണിക് വസ്തുക്കളോടും അമിത ആസക്തിയുള്ള ഇന്നത്തെ സമൂഹത്തിനായി സമഗ്രമായ ഒരു മാനസികാരോഗ്യ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഭാവിയിൽ വിഷാദരോഗം ഉൾപ്പെടെയുള്ള മാനസികപ്രശ്നങ്ങളുടെ ആധിക്യം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് കൂടുതൽ പരിഗണന ഈ മേഖലയ്ക്ക് നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; മാനസികാരോഗ്യ ചികിത്സയെ വികേന്ദ്രീകരിച്ച് തദ്ദേശ സ്ഥാപന തലത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സമഗ്ര ഇന്റർനെറ്റ് ശൃംഖല രൂപപ്പെടുത്തുന്നതിന് കെ-ഫോൺ</u>

*464 **ശ്രീ. ഐ. ബി. സതീഷ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ഇന്റർനെറ്റ് ശൃംഖല രൂപപ്പെടുത്തുന്നതിൽ കെ-ഫോൺ വഹിക്കുന്ന പങ്ക് സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ഡിജിറ്റൽ വിടവ് പരിഹരിക്കുന്നതിലും പാർശ്വവൽകൃത ജനസമൂഹത്തിനുവരെ ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന സർക്കാരിന്റെ ലക്ഷ്യം

സാക്ഷാത്കരിക്കുന്നതിലും കൈവരിച്ചിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ;

(സി) ഇന്റർനെറ്റ് കണക്റ്റിവിറ്റിയുടെ ഗുണഫലങ്ങൾ സംസ്ഥാനത്തിന്റെ സമഗ്ര മേഖലയിലേയ്ക്കും വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) കെ-ഫോൺ പദ്ധതിയെ അനുമോദിക്കുന്നതിനും മാതൃകയാക്കുന്നതിനും ഏതെല്ലാം മേഖലകളിൽ നിന്നുള്ളവരാണ് സംസ്ഥാനത്ത് എത്തിച്ചേർന്നിട്ടുള്ളതെന്ന് അറിയിക്കാമോ?

**ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി**

*465 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. എം. എം. മണി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങൾ എൻ.എഫ്.എസ്.എ. കാർഡുള്ള ഇതര സംസ്ഥാനക്കാർക്കും അതിഥി തൊഴിലാളികൾക്കും ബയോമെട്രിക് സംവിധാനത്തിലൂടെ വാങ്ങാൻ സൗകര്യപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ നൽകിവരുന്ന റേഷൻ സാധനങ്ങളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ അതിഥി തൊഴിലാളികൾക്ക് ആധാർ അടിസ്ഥാന രേഖയായി പരിഗണിച്ച് റേഷൻ കാർഡ് നൽകി വരുന്നുണ്ടോ; എങ്കിൽ ഏത് വിഭാഗത്തിലുള്ള കാർഡുകളാണ് നൽകുന്നതെന്നും ബയോമെട്രിക് സംവിധാനത്തിലൂടെ അവർക്ക് റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കുമോയെന്നും വ്യക്തമാക്കാമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കടപ്പത്രം മുഖേന ധന സമാഹരണം**

*466 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ സഹായം കൂടാതെ മറ്റു സാമ്പത്തിക പങ്കാളിത്തം കൂടി ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കടപ്പത്രം മുഖേന ധന സമാഹരണം നടത്തുന്നതിന് അനുമതി നൽകാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ?

**കേരള പാലിയേറ്റീവ് കെയർ പദ്ധതി**

*467 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന അഭിനന്ദിച്ചിട്ടുണ്ടോ; നവകേരളം കർമപദ്ധതി രണ്ട് ആർദ്രം മിഷനിലെ പ്രധാന പ്രവർത്തനങ്ങളിലൊന്നായി പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര പാലിയേറ്റീവ് കെയർ കർമപദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷം വിഭാവനം ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളെയും പാലിയേറ്റീവ് കെയർ ഗ്രിഡിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; പാലിയേറ്റീവ് കെയർ രംഗത്തുള്ള എല്ലാ സന്നദ്ധ സംഘടനകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രാഥമിക രജിസ്ട്രേഷൻ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) കേരള കെയർ എന്ന പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ഓരോ രോഗിയുടെയും സമീപ പ്രദേശത്ത് പരിശീലനം ലഭിച്ച ഒരു സന്നദ്ധ പ്രവർത്തകന്റെ സേവനം ഉറപ്പാക്കാനും എല്ലാ ജില്ലകളിലും പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**മദ്യനിർമ്മാണ യൂണിറ്റുകൾ**

*468 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ പുതിയ മദ്യനയപ്രകാരം സംസ്ഥാനത്ത് മദ്യശാലകളുടെ എണ്ണം കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയപ്രകാരം സംസ്ഥാനത്ത് പുതിയ മദ്യനിർമ്മാണ യൂണിറ്റുകൾ

ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

**ഓപ്പറേഷൻ ഫീനിക്സ് പദ്ധതി**

*469 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ കേരള ഇനിഷ്യേറ്റീവ്-കേരളീയത്തിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി ഓപ്പറേഷൻ ഫീനിക്സ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കേരളീയം എന്നു മുതലാണ് ആരംഭിച്ചതെന്നും നിലവിലെ പുരോഗതി എന്താണെന്നും പദ്ധതിയിൽ ആരെല്ലാം പങ്കാളികളാണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ലഹരിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ എന്തെല്ലാം ബോധവത്ക്കരണ പദ്ധതികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള വ്യത്യസ്തങ്ങളായ ലഹരിവിരുദ്ധ കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സംസ്ഥാന പോലീസ് സേന വഹിക്കുന്ന പങ്ക് വെളിപ്പെടുത്താമോ?

**എൽ.ഡി. ക്ലർക്ക് നിയമനം**

*470 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ അഞ്ച് മാസം മാത്രം ശേഷിക്കെ അൻപത് ശതമാനം പേർക്ക് പോലും നിയമനം നൽകാൻ സാധിച്ചിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്നും പന്ത്രണ്ടായിരത്തോളം നിയമന ശിപാർശ നൽകിയപ്പോൾ ഈ വർഷം പതിനായിരത്തിൽ താഴെ മാത്രമേ നൽകാൻ സാധിച്ചിട്ടുള്ളൂ എന്നത് വസ്തുതയാണോ;

(സി) നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കാൻ നടപടികൾ സ്വീകരിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റിലെ അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

**കലാലയങ്ങളിൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ്**

*471 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം എസ് അരുൺ കുമാർ**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാലയങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും സ്കൂൾ മാതൃകയിൽ റാഗിംഗും അക്രമസംഭവങ്ങളും തടയുകയെന്ന ലക്ഷ്യത്തോടെ പോലീസ് സേനയുടെ നേതൃത്വത്തിൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊട്ടക്ഷൻ ഗ്രൂപ്പിൽ വിദ്യാർത്ഥികൾ, അധ്യാപകർ, പോലീസ് സേനകൾ എന്നിവരെക്കൂടാതെ മറ്റേതെല്ലാം വിഭാഗങ്ങളെക്കൂടി ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) കലാലയങ്ങളിലെ വിദ്യാർഥികളുടെ ലഹരി ഉപയോഗവും നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയുന്നതിന് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കലാലയങ്ങളുടെ പരിസരങ്ങളിൽ വിദ്യാർഥികളെ ലക്ഷ്യമാക്കി ലഹരി ഉല്പന്നങ്ങൾ വിപണനം നടത്തുന്നവരെയും ലഹരിവില്പനയിൽ വിദ്യാർഥികളെ ഇടനിലക്കാരാക്കുന്നവരെയും നിരീക്ഷിക്കുന്നതിനും അത്തരക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും ശക്തമായ ഇടപെടൽ നടത്താൻ പ്രസ്തുത പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## <u>കോഴിക്കോട് മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയയെ തുടർന്നുണ്ടായ മരണം</u>

*472 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളജിൽ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ഗർഭാശയം നീക്ക ശസ്ത്രക്രിയയെ തുടർന്ന് ചികിത്സയിൽ കഴിഞ്ഞിരുന്ന സ്ത്രീ മരിച്ചതുൾപ്പെടെ മെഡിക്കൽ കോളേജുകളിൽ സമാനസംഭവങ്ങൾ ഉണ്ടാകുന്നതു ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## <u>ലഹരി ഉപയോഗം തടയാൻ ഓപ്പറേഷൻ ഹണ്ട്</u>

*473 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഹരി ഉപയോഗം തടയുന്നതിന് പോലീസിന്റെയും എക്സൈസിന്റെയും നേതൃത്വത്തിലുള്ള ഓപ്പറേഷൻ ഹണ്ടിന്റെ ഭാഗമായി നടന്നുവരുന്ന പരിശോധനകളുടെയും അറസ്റ്റുകളുടെയും പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് മുഖ്യമന്ത്രി ഉന്നത പോലീസ് മേധാവികളുടെ യോഗം വിളിച്ചു ചേർത്തിരുന്നോ; വിശദമാക്കുമോ;

(സി) ലഹരിയുമായി ബന്ധപ്പെട്ട കേസുകളുടെ വിസ്താരവേളയിൽ കുറ്റക്കാർ തെളിവുകളുടെ അഭാവത്താൽ രക്ഷപെടുന്ന സാഹചര്യം ഒഴിവാക്കാൻ പ്രത്യേക മാനുവൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ലഹരി കുറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഏർപ്പെടുന്നവർക്കെതിരെ എന്തെല്ലാം കരുതൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## കൂടുതൽ വിമുക്തി സെന്ററുകൾ ആരംഭിക്കാൻ നടപടി

*474 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയുടെ ഭാഗമായി റിഹാബിലിറ്റേഷൻ കേന്ദ്രങ്ങളിൽ എത്തുന്ന കുട്ടികളുടെയും യുവാക്കളുടെയും എണ്ണത്തിൽ വൻതോതിലുള്ള വർധനവ് ഉണ്ടായിരിക്കുന്നുവെന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) ലഹരിയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കൂടുതൽ വിമുക്തി സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ആരോഗ്യമേഖലയിൽ സംസ്ഥാനത്തിന് ലഭിച്ച പുരസ്കാരങ്ങൾ

*475 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്രസർക്കാരിന്റെ എന്തെല്ലാം പുരസ്കാരങ്ങൾ ഏതെല്ലാം വർഷങ്ങളിൽ കേരളത്തിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദമാക്കുമോ;

(ബി) രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ വനിത-ശിശുവികസന വകുപ്പിന് ദേശീയ-അന്തർദേശീയ തലത്തിൽ ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

## രോഗങ്ങൾ കണ്ടെത്താൻ ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ്

*476 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എം. എം. മണി**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംക്രമിക രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച് ക്ലിനിക്ക് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കപ്പെടുന്നുണ്ടെങ്കിലും ജനസംഖ്യാടിസ്ഥാനത്തിലുള്ള ഡാറ്റകളുടെ (റജിസ്ട്രി) പരിമിതി ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് പര്യാപ്തമായ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ് വഴി നിലവിൽ ഏതൊക്കെ രോഗങ്ങൾ കണ്ടെത്താനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ;

(സി) 'ശൈലി ആപ്പ്' ഉപയോഗിച്ചുള്ള രോഗനിർണ്ണയ സ്ക്രീനിംഗിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ഡി) കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനവും ജനസംഖ്യാടിസ്ഥാനത്തിലുള്ള രോഗസ്ക്രീനിംഗും തമ്മിലുള്ള ബന്ധം വിശദമാക്കാമോ;

(ഇ) ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ് പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നത് എന്തെല്ലാം നടപടികൾ വഴിയാണെന്ന് അറിയിക്കുമോ;

(എഫ്) പ്രസ്തുത രോഗ സ്ക്രീനിംഗിൽ പൊതുജനങ്ങളുടെ പങ്കാളിത്തം എങ്ങനെയാണ് ഉറപ്പുവരുത്തുന്നത്; വിശദമാക്കുമോ?

**<u>കോഴിക്കോട് മെഡിക്കൽ കോളേജിലെ പോസ്റ്റ് ഓപ്പറേറ്റീവ് കെയർ സംവിധാനങ്ങൾ</u>**

*477 **ശ്രീ. സനീഷ്‌കുമാർ ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ഗർഭാശയം നീക്ക ശസ്ത്രക്രിയയെ തുടർന്ന് ചികിത്സയിൽ കഴിഞ്ഞിരുന്ന സ്ത്രീ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തിൽ ആശുപത്രിയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ പോസ്റ്റ് ഓപ്പറേറ്റീവ് കെയർ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ബഹുനില കെട്ടിടങ്ങളിലെ അഗ്നിസുരക്ഷാ നടപടികൾ</u>**

*478 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ്**

**ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കച്ചവടസ്ഥാപനങ്ങളിലും ബഹുനില കെട്ടിടങ്ങളിലും തുടർച്ചയായി അഗ്നിബാധ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലങ്ങളിലെ അഗ്നിസുരക്ഷാ സംവിധാനത്തെപ്പറ്റി പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ മതിയായ അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുമോ; വീഴ്ച വരുത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ബഹുനില കെട്ടിടങ്ങളിലെ തീപിടുത്തം നേരിടുന്നതിന് സ്കൈ ലിഫ്റ്റ് ഉൾപ്പെടെയുള്ള ആധുനിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കി അഗ്നിസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>ആർദ്രം മിഷൻ</u>

*479 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ആർദ്രം മിഷൻ ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കാനായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) രോഗികളുടെ വ്യക്തിഗത ഡാറ്റാബാങ്ക് തുടർപരിശോധനകളിലും ചികിത്സാ രംഗത്ത് പുരോഗതി നേടുന്നതിനും ഉപകരിക്കുന്നതോടൊപ്പം വ്യക്തിഗത ഡാറ്റയുടെ സുരക്ഷിതത്വത്തിനായും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>കേരള യുണൈറ്റഡ് എഗെൻസ്റ്റ് റെയർ ഡിസീസസ് കെയർ പദ്ധതി</u>

*480 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവ്വ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും അവയ്ക്കുള്ള ചികിത്സാരംഗത്തും സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരള യുണൈറ്റഡ് എഗെൻസ്റ്റ് റെയർ ഡിസീസസ് കെയർ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഡിമെൻഷ്യ (മേധാക്ഷയം) രോഗ നിർണ്ണയം മുൻകൂട്ടി നടത്തുന്നതിലൂടെ സങ്കീർണ്ണതകൾ ഒഴിവാക്കി രോഗം നിയന്ത്രണ വിധേയമാക്കുന്നതിന് കഴിയുമെന്ന വിദഗ്ധരുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(ഡി) ഏകാഗ്രത നഷ്ടപ്പെടുകയും ഓർമ്മ, യുക്തി, പെരുമാറ്റം എന്നിവയെ ക്രമാനുഗതമായി സാരമായി ബാധിക്കുകയും പിന്നീട് അൽഷിമേഴ്സ് എന്ന രോഗാവസ്ഥയിലേയ്ക്ക് എത്തിപ്പെടുകയും ചെയ്യുന്നത് വലിയ സാമൂഹിക വെല്ലുവിളി ഉയർത്തുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 മാർച്ച് 15, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].